# ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക്



ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾതന്നെ പറയുന്നു. ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്. ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. ഉന്മാദത്തിൽ ശരി മാത്രമേ ഉള്ളൂ. തെറ്റും തോൽവിയും ഇല്ല. അസാധ്യം എന്ന ഒരു വാക്കില്ല. ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ അതുകൊണ്ട് ആർഭാടത്തിന്റെ ഉന്മാദം വർധിച്ചുവരുന്നു. Beg, borrow or steal എന്നതാണ് മുദ്രാവാക്യം. കടക്കെണിയായി, കളവും കൊള്ളയുമായി തെരുവുകളിലും രാജനീതിയിലും ഇത് പ്രത്യക്ഷപ്പെടാം. മൂലയ്ക്കായിപ്പോകുന്ന മനുഷ്യരുടെയും രാജ്യങ്ങളുടെയും പ്രതികരണം, നിറവേറ്റാത്ത മോഹം, പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. ഇല്ലാ

ത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്; ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം. ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു. സമുദായസംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ, അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഉള്ളവന് ആർഭാടമാകുന്നു സ്വന്തം തെളിവ്. പതിനൊന്ന് ആനയുള്ള ദൈവം ആനയില്ലാത്ത മറ്റു ദൈവങ്ങളേക്കാൾ എത്രയോ വലിയവൻ. മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും. അവർക്കു മാത്രമായി മീനിന്റെ വില കുറയുകയുമില്ല. ആർഭാടത്തിനുള്ള ചെലവും മാറുകയില്ല. ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു. സമുദായസ്ഥാപനങ്ങൾക്ക് മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ. ഇത് സർക്കാരിന്റെയോ രാഷ്ട്രീയക്കാരന്റെയോ തട്ടകമല്ല. ആചാരങ്ങളുടെ സ്വത്വവൈകാരിക തലമാകുന്നു. അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.

സമ്പൂർണകൃതികൾ-സംസ്കാരം-2

(എം.എൻ. വിജയൻ)

27PHPU

1. "ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു."

   ഈ നിരീക്ഷണത്തിന്റെ സമകാലികപ്രസക്തി ചർച്ച ചെയ്യുക.

2. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
   ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
   കിട്ടിയതൊന്നും മതിയല്ല പിന്നെയും
   കിട്ടിയാലും മതിയല്ല ദുരാഗ്രഹം"

   *(ധ്രുവചരിതം - കുഞ്ചൻനമ്പ്യാർ)*

- ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.
- Beg, Borrow or steal എന്നതാണ് മുദ്രാവാക്യം.

കുഞ്ചൻനമ്പ്യാരുടെ വരികളിലെ ആശയവും ലേഖകന്റെ നിരീക്ഷണവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

3. "സമുദായസ്ഥാപനങ്ങൾക്കുമാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ."

*(എം.എൻ. വിജയൻ)*

"അനാവശ്യമായ ധനവ്യയം ഒരു മംഗളകർമ്മത്തിനും പാടില്ല."

*(ശ്രീനാരായണഗുരു)*

മേൽ കൊടുത്ത പ്രസ്താവനകളും നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി 'കേരളീയസമൂഹവും ധൂർത്തും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

**പദകോശം**

ഉന്മാദം - സ്വബോധമില്ലായ്മ, സ്വയം മറക്കൽ
സ്വത്വം - തനതുസത്ത, വ്യക്തിത്വം